# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.875 20.03.2013-ൽ മറുപടിക്ക്**

**താനൂർ നിയോജക മണ്ഡലത്തിൽ കുടിവെള്ളമെത്തിക്കുന്നതിന് പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) താനൂർ നിയോജക മണ്ഡലത്തിലെ താനൂർ, താനാളൂർ, ചെറിയ മുണ്ടം, പൊൻമുണ്ടം, നിറ- മരുതുർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് ഭാരതപ്പുഴ സ്രോതസ്സായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) താനൂരിനും സമീപപ്രദേശങ്ങൾക്കും വേണ്ടി കുടിവെള്ളമെത്തിക്കുന്നതിന് ഭാരതപ്പുഴ സ്രോതസ്സാക്കിയുള്ള ഒരു കുടിവെള്ള പദ്ധതിയുടെ പ്രാഥമിക എൻജിനിയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സർ വ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ സർ വ്വേ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ? | (സി) താനൂർ താനാളൂർ, ചെറിയ മുണ്ടം, പൊൻമുണ്ടം, നിറ മരുതുർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ സർ വ്വെ പുരോഗമിച്ച വരുന്നു. നാല് മാസത്തിനകം സർ വ്വെ പൂർത്തീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതിക്കായി ടാങ്കും ട്രീറ്റ് മെന്റ് പ്ലാന്റും പണിയാൻ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് സ്ഥലം വിട്ടു നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഡി) | പഞ്ചായത്ത് സന്നദ്ധത അറിയിച്ചിട്ടില്ല. എന്നാൽ 06.02.2013 ലെ ബഹു.താനൂർ എം.എൽ.എ. യുടെ കത്ത് പ്രകാരം ചെറിയമുണ്ടം പഞ്ചായത്തിലെ സ്ഥലം വിട്ടുനൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ ? | (ഇ) | ഏകദേശം 80 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം മാത്രമേ പൂർണ്ണമായ ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ